(Pages : 4) **L – 2661**

Reg. No. : ..............................

Name : ..................................

# Fourth Semester B.A. Degree Examination, May 2021

## Career Related First Degree Programme under CBCSS

## Malayalam and Mass Communication

## Core Course

## MX 1441 : മലയാളസാഹിത്യനിരൂപണം

## (2019 Admission - Regular)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. രോഗത്തിന്റെ പൂക്കൾ എന്ന ഗ്രന്ഥം രചിച്ചതാര്?

2. പത്രവിമർശനത്തിന്റെ നേതാവ് എന്ന് അഴീക്കോട് വിശേഷിപ്പിച്ചതാരെ?

3. മനുഷ്യാവസ്ഥയെക്കുറിച്ചുള്ള കാല്പനികധ്യാനങ്ങളാണ് എം.ടി.യുടെ കൃതികൾ എന്ന് അഭിപ്രായപ്പെട്ടതാര്?

4. പ്രാസവാദത്തിനു തുടക്കം കുറിച്ച കൃത്യകൃത്തിന്റെ ലേഖനം പ്രസിദ്ധീകരിച്ചതെവിടെ?

5. "ഖണ്ഡനവിമർശനമാണു വിമർശനം" എന്ന വാദം ഉന്നയിച്ചതാര്?

6. വൈലോപ്പിള്ളിയുടെ കവിതകളെ മനഃശാസ്ത്രനിരൂപണം ചെയ്യുന്ന ശീർഷാസനം എന്ന കൃതി രചിച്ചതാര്?

7. കുമാരനാശാനെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്ന് വിശേഷിപ്പിച്ചതാര്?

P.T.O.

St. Xaviers College, Thumba

8. ഗോപുരനടയിൽ എന്ന നാടകം രചിച്ചതാര്?

9. അന്തസ്സന്നിവേശം എന്ന കാവ്യതത്ത്വം അവതരിപ്പിച്ചതാര്?

10. വാക്കുകളും വസ്തുക്കളും എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "എല്ലാ ഉദകക്രിയകൾക്കും അതിന്റേതായ ബലിക്കാക്കകളുണ്ടാകുന്നു." - ആശയം വ്യക്തമാക്കുക.

12. "പുരോഗമനസാഹിത്യകാരന്മാരുടെ പ്രചാരോദ്ദേശ്യത്തെ പഴിക്കുന്നവർക്ക് വാല്മീകിയെയും കൂടി പഴിക്കാതെ ഗത്യന്തരമില്ല." കാരണമെന്ത്?

13. കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിന് അവതാരിക രചിച്ചതാര്? ചരിത്രപ്രാധാന്യം വ്യക്തമാക്കുക.

14. പുരോഗമനസാഹിത്യത്തെക്കുറിച്ചു കുട്ടികൃഷ്ണമാരാരുടെ നിലപാടെന്ത്?

15. സി. അന്തപ്പായി - കുറിപ്പെഴുതുക.

16. സച്ചിദാനന്ദന്റെ കവിതാനിരൂപണഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.

17. "രാജ്യലക്ഷ്മിയുടെ അത്തരം പ്രണയകലഹങ്ങളെപ്പോലും സഹിക്കുന്നൊന്നല്ല രാമന്റെ സ്വഭാവം" - സൂചിതം വ്യക്തമാക്കുക.

18. "സാഹിത്യത്തിൽ അമ്മാതിരി പദങ്ങൾ ഒരുതരം കള്ളനാണയങ്ങളാണ്" എമ്മാതിരി പദങ്ങൾ?

19. കേരളവർമ്മ വലിയകോയിത്തമ്പുരാനു മലയാളവിമർശനത്തിലുള്ള സ്ഥാനമെന്ത്?

20. വിദ്യാവിനോദിനി - കുറിപ്പെഴുതുക.

St. Xaviers College, Thumba

21. രൂപഭദ്രതാവാദം എന്നാലെന്ത്?

22. ''നിരൂപണത്തിന്റെ ഷണ്ഡത്വംകൊണ്ട് ഏറ്റവുമധികം വലഞ്ഞതു കവിത തന്നെയാണ്.'' - കാരണമെന്ത്?

23. കുഞ്ചൻകൃതികളുടെ ജനരഞ്ജനയ്ക്കു കാരണമെന്ത്?

24. കലയിൽ എന്തും മൂർത്തമായിരിക്കണമെന്നു പറയുന്നതിന്റെ അടിസ്ഥാനമെന്ത്?

25. ''അദ്ദേഹത്തിന്റെ ആ ത്യാഗത്തിനു പരിഹാസാതീതമായ ഒരു ബഹുമാന്യത തികച്ചുമുണ്ട്. ആരുടെ ത്യാഗത്തിന്? സൂചിതം വ്യക്തമാക്കുക.

26. ''എന്റെ ചങ്ങമ്പുഴയിൽ ചിലപ്പോൾ നിങ്ങളിൽ ആരുടെയെങ്കിലുമൊക്കെ ചങ്ങമ്പുഴയും ഉണ്ടായിരിക്കാം.'' കാരണമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. സാഹിത്യപഞ്ചാനനന്റെ വിമർശനത്രയം - കുറിപ്പെഴുതുക.

28. സാഹിത്യത്തിലെ ദുർഗ്രഹമായ ആവിഷ്കരണശൈലിയോടു മുണ്ടശ്ശേരി പ്രതികരിക്കുന്നതെങ്ങനെ?

29. കൈകേയിയോടു പകയോടും പ്രതികാരേച്ഛയോടും കൂടിയാണു രാമൻ വനവാസമനുഷ്ഠിച്ചതെന്നു പറയാനുള്ള യുക്തികൾ ഏവ?

30. പ്രസാധകന്റെ മോതിരവിരലുകൾ നിരൂപണത്തെ നിയന്ത്രിക്കുന്നതെങ്ങനെ?

31. എം.പി. പോൾ രചിച്ച ലക്ഷണഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.

32. സർദാർജി എന്ന കഥാപാത്രത്തെ കെ.പി. അപ്പൻ വിലയിരുത്തുന്നതെങ്ങനെ?

33. നിരൂപണരംഗത്ത് എം. ലീലാവതിയുടെ പ്രധാന സംഭാവനകൾ ഏവ?

34. പുരോഗമനസാഹിത്യത്തിന്റെ മൗലികസിദ്ധാന്തങ്ങൾ ഏതെല്ലാം? വ്യക്തമാക്കുക.

35. ആധുനികകവിതയ്ക്കു പ്രതിഷ്ഠ നേടിക്കൊടുക്കുന്നതിൽ പ്രസന്നരാജൻ വഹിച്ച പങ്കെന്ത്?

St. Xaviers College, Thumba

36. പ്രതികൂലവിമർശനത്തിന്റെ പ്രസക്തിയെന്ത്?

37. എഴുത്തുകാരുടെ ജീവിതം സാഹിത്യനിരൂപണത്തിനുപയുക്തമാകുന്നതെങ്ങനെ? ഉദാഹരണങ്ങൾ നല്കുക.

38. എം. ഗോവിന്ദൻ ഒരു ദിശാസൂചിയാണ്. എന്തുകൊണ്ട്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. നവോത്ഥാനഘട്ടത്തിലെ വിമർശനം സമൂഹവും സാഹിത്യവും തമ്മിലുള്ള ബന്ധത്തെ പ്രശ്നവത്കരിച്ചതെങ്ങനെ?

40. എസ്. ശാരദക്കുട്ടി തന്നെയും കാലഘട്ടത്തെയും ചങ്ങമ്പുഴ സ്വാധീനിച്ച വിധം വിവരിക്കുന്നതെങ്ങനെ?

41. സാഹിത്യനിരൂപണത്തെ നവീകരിക്കുന്നതിൽ വി. രാജകൃഷ്ണൻ, നരേന്ദ്രപ്രസാദ്, ആഷാ മേനോൻ എന്നിവർ വഹിച്ച പങ്കെന്ത്?

42. മലയാളസാഹിത്യവിമർശനത്തിന്റെ ആരംഭവും പത്രമാസികകളുടെ പങ്കും - ഉപന്യസിക്കുക.

43. സാഹിത്യനിരൂപണത്തെക്കുറിച്ചുള്ള എം.കെ. സാനുവിന്റെ കാഴ്ചപ്പാടുകൾ ഏവ?

44. കെ.പി. അപ്പൻ മഞ്ഞിലെ മൃത്യുദർശനവും കാലസങ്കല്പവും അപഗ്രഥിക്കുന്നതെങ്ങനെ?

**(2 × 15 = 30 Marks)**

---

St. Xaviers College, Thumba